**കേരള കാർഷിക സർവ്വകലാശാല**
**ഇൻസ്ട്രക്ഷണൽ ഫാം**
**കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് & ഫുഡ് ടെക്നോളജി**
തവനൂർ-679 573, മലപ്പുറം (ജില്ല), കേരളം
ഇ-മെയിൽ : farm.kcaet@kau.in, ഫോൺ: 0494-2686215

**നമ്പർ: ഐ.എഫ്-1036/2022** **തിയതി: 26-11-2024**

## ക്വട്ടേഷൻ നോട്ടീസ്

ഈ സ്ഥാപനത്തിലെ 1600 തെങ്ങുകളിൽ പരാഗണത്തിനും ഫാമിലെ തനതായ ആവശ്യങ്ങൾക്കും മാറ്റിവെച്ച 300 തെങ്ങുകൾ ഒഴികെ 1300 തെങ്ങുകളിലെ മൂപ്പെത്തിയ നാളികേരം 01-01-2025 മുതൽ 31-12-2025 വരെ ഒരു വർഷത്തേയ്ക്ക് വിളവെടുക്കുന്നതിനു വേണ്ടി മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിച്ചു കൊള്ളുന്നു.

**സമയക്രമം**

| | |
|---|---|
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി | 18-12-2024 രാവിലെ 11 മണി വരെ |
| ലേലം വിളിക്കുന്ന സമയം | 11 മണി (അന്നേ ദിവസം) |
| ക്വട്ടേഷൻ തുറക്കുന്ന സമയം | ലേലത്തിന് ശേഷം (തത്സമയം ഹാജരായവരുടെ സാന്നിധ്യത്തിൽ) |
| ലേലം വിളിക്കുന്ന സ്ഥലം | ഇൻസ്ട്രക്ഷണൽ ഫാം, തവനൂർ |
| വിളവെടുപ്പ് നടത്തേണ്ട കാലാവധി | 01-01-2025 മുതൽ 31-12-2025 വരെ |

**ക്വട്ടേഷൻ നിബന്ധനകൾ**

1. ക്വട്ടേഷൻ നിരക്ക് അക്കത്തിലും അക്ഷരത്തിലും എഴുതി "പ്രൊഫസർ ആന്റ് ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, കെ.സി.എ.ഇ.എഫ്.ടി., തവനൂർ" എന്ന വിലാസമെഴുതിയ മുദ്ര വെച്ച കവറിൽ നൽകേണ്ടതാണ്.
2. ക്വട്ടേഷൻ സമർപ്പിക്കുന്നവരും/ലേലത്തിൽ പങ്കെടുക്കുന്നവരും ക്വട്ടേഷൻ സമർപ്പിക്കുന്ന സമയത്ത്/ലേലത്തിൽ പങ്കെടുക്കുന്നതിന് മുമ്പായി നിരത ദ്രവ്യമായി 10,000/- രൂപ കെട്ടിവെക്കേണ്ടതാണ്. അല്ലാത്തവരുടെ ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല/ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.
3. ക്വട്ടേഷനിലോ/ലേലത്തിലോ ഏതിലാണ് കൂടുതൽ വില ലഭ്യമാകുന്നെന്ന് കണക്കിലെടുത്ത് സ്ഥാപന മേലധികാരിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം മാത്രം ക്വട്ടേഷൻ/ലേലം സ്ഥിരപ്പെടുത്തുന്നതാണ്.
4. ക്വട്ടേഷൻ/ലേലം ഉറപ്പിക്കാത്തവരുടെ നിരതദ്രവ്യം അന്നുതന്നെ തിരിച്ച് നൽകുന്നതായിരിക്കും.
5. ക്വട്ടേഷൻ/ലേല നിബന്ധനകൾ ലംഘിക്കുന്നവരുടെ നിരതദ്രവ്യം കാർഷിക സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാക്കുന്നതായിരിക്കും.
6. ക്വട്ടേഷൻ /ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ പ്രസ്തുത വ്യക്തി ക്വട്ടേഷൻ /ലേലം തുകയുടെ 5 % സെക്യൂരിറ്റി തുകയായും, മൊത്തം ക്വട്ടേഷൻ /ലേലത്തുകയുടെ മൂന്നിൽ ഒരു ഭാഗവും അന്നേ ദിവസം തന്നെ കെട്ടിവെക്കേണ്ടതും ബാക്കി തുക ഒരാഴ്ചക്കകം അടക്കേണ്ടതുമാണ്. നിശ്ചിത തിയ്യതിക്കകം തുക അടക്കുന്നതിൽ വീഴ്ച വരുത്തിയാൽ ക്വട്ടേഷൻ /ലേലം പിടിച്ച ആളുടെ പേരിലുള്ള ക്വട്ടേഷൻ /ലേലം റദ്ദ് ചെയ്യുന്നതും അടച്ച തുക സർവകലാശാലക്ക് മുതൽ കൂട്ടുന്നതുമാണ്.
7. യാതൊരു കാരണവും കാണിക്കാതെ ക്വട്ടേഷൻ /ലേലം തിയ്യതി മാറ്റി വെക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്.
8. ക്വട്ടേഷൻ/ലേലം ഉറപ്പിച്ച വ്യക്തി ക്വട്ടേഷൻ/ലേലം തുകക്ക് ആനുപാതികമായുള്ള ഒരു മുദ്രപത്രത്തിൽ സർവ്വകലാശാലയ്ക്ക് ഒരു നഷ്ടോത്തരവാദിത്വ കരാർ എഴുതി സമർപ്പിക്കേണ്ടതാണ്. കരാർ എഴുതി സമർപ്പിക്കാത്ത പക്ഷം ക്വട്ടേഷൻ/ലേലം പിടിച്ച ആളുടെ പേരിലുള്ള ക്വട്ടേഷൻ/ലേലം റദ്ദു ചെയ്യുന്നതും അടച്ച തുക സർവ്വകലാശാലയ്ക്ക് മുതൽ കൂട്ടുന്നതുമാണ്.

9. പ്രവൃത്തി ദിവസങ്ങളിൽ ഫാമിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാത്രമേ വിളവെടുപ്പ് നടത്താൻ അനുവദിക്കുകയുള്ളൂ. വിളവെടുത്ത നാളികേരം പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത്(രാവിലെ 10.00 മണി മുതൽ 4 മണി വരെ) ഫാമിൽ നിലവിലുള്ള നിയമമനുസരിച്ച് മാത്രമേ ഫാമിൽ നിന്ന് പുറത്ത് കൊണ്ട് പോകാൻ പാടുള്ളൂ. ഉൽപ്പന്നങ്ങൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും നീക്കം ചെയ്യേണ്ടതാണ്.
10. ഈ ക്വട്ടേഷൻ/ലേലം അനുസരിച്ച് വിളവെടുപ്പിനുള്ള അവകാശം ഉറപ്പിച്ച തിയ്യതി മുതൽ ഒരു വർഷം വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.
11. തെങ്ങിന്റെ പൂക്കുല, കുരുത്തോല, പച്ചോല, കരിക്ക് എന്നിവ യാതൊരു കാരണവശാലും വെട്ടിയെടുക്കാൻ പാടുള്ളതല്ല.
12. വിളവെടുപ്പ് സമയത്തോ, നാളികേരം കൊണ്ട് പോകുന്ന സമയത്തോ ഫാമിലെ കാർഷിക വിളകൾക്കോ മറ്റ് വസ്തുക്കൾക്കോ നാശമുണ്ടായാൽ ആയതിന്റെ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും
13. ഏറ്റവും അവസാനത്തെ രണ്ട് വിളവെടുപ്പുകൾ തമ്മിൽ ചുരുങ്ങിയത് 45 ദിവസത്തെ ഇടവേള ഉണ്ടായിരിക്കണം.
14. ക്വട്ടേഷൻ /ലേലം പിടിച്ച വ്യക്തി ഫാമിൽ കാവലിന് ആളെ നിർത്തുകയാണെങ്കിൽ ഒരു സമയത്ത് ഒരാൾ എന്ന തോതിൽ മാത്രമേ ഉണ്ടായിരിക്കാൻ പാടുള്ളൂ. ഓഫീസിൽ നിന്നു നൽകുന്ന പാസ് കാവലിന് നിൽക്കുന്ന ആൾ കൊണ്ടു നടക്കേണ്ടതാണ്.
15. ഏപ്രിൽ, മെയ് കാലങ്ങളിലെ വിളവെടുപ്പ് സമയത്ത് എല്ലാ തെങ്ങിന്റെയും മണ്ട വൃത്തിയാക്കേണ്ടതാണ്. സമയാസമയങ്ങളിൽ നാളികേരക്കുലകൾ കെട്ടിയിരിക്കേണ്ടതാണ്.
16. ഫാമിലേക്ക് ആവശ്യമുള്ള വിത്ത് നാളികേരം വിളവെടുക്കുന്ന സമയത്ത് വിത്ത് നാളികേരം ശേഖരിക്കുന്നതിന് ഈ സ്ഥാപനത്തിലെ മേധാവിയോ/സ്ഥാപന മേധാവി ചുമതലപ്പെടുത്തിയ കമ്മറ്റിയോ നിശ്ചയിക്കുന്ന വിലക്ക് നൽകുന്നതിന് ക്വട്ടേഷൻ /ലേലം പിടിച്ച വ്യക്തി ബാധ്യസ്ഥനായിരിക്കും.
17. ഫാമിലെ പ്രത്യേകം അടയാളപ്പെടുത്തിയ 300 തെങ്ങുകളിൽ നിന്നും ഈ കരാർ പ്രകാരം നാളികേരം വിളവെടുപ്പ് നടത്തുവാൻ പാടുള്ളതല്ല.
18. യാതൊരു കാരണവും കാണിക്കാതെ ഈ ക്വട്ടേഷൻ /ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതിനോ പിൻവലിക്കുന്നതിനോ ഉള്ള അധികാരം ഉൾപ്പെടെ ഇതുമായി ബന്ധപ്പെട്ട എല്ലാ തീരുമാനവും എടുക്കാനുള്ള അധികാരം ഈ സ്ഥാപനത്തിന്റെ മേധാവിയിൽ നിക്ഷിപ്തമായിരിക്കും.
19. സർക്കാർ ക്വട്ടേഷന്റെ/ ലേലത്തിന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

**ഒപ്പ്/-**
**ഡോ. അബ്ദുൽ ജബ്ബാർ പി .കെ**
**പ്രൊഫസർ & ഹെഡ്**

സ്വീകർത്താവ് :-

1. പഞ്ചായത്ത് ഓഫീസ് (നോട്ടീസ് ബോർഡ്), തവനൂർ
2. വില്ലേജ് ഓഫീസ് (നോട്ടീസ് ബോർഡ്), തവനൂർ
3. കൃഷിഭവൻ (നോട്ടീസ് ബോർഡ്), തവനൂർ
4. നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം)
5. നോട്ടീസ് ബോർഡ് (മെയിൻ ഗേറ്റ്)
6. നോട്ടീസ് ബോർഡ് (കാന്റീൻ)
7. ADA ഓഫീസ്, പൊന്നാനി, പെരുമ്പടപ്പ്

പകർപ്പ്:-

1. DR/ADR (Farm)/KVK/Engineering Division
2. ഫാം സൂപ്രണ്ട്
3. കെ.എ.യു/കെ.സി.എ.ഇ.ടി വെബ്സൈറ്റ്/കരുതൽശേഖരം